(എ) ഫ൯ ർ൯–ഫ൯ ൫ ൦ ഇക്കൊല്ലങ്ങളിൽ തിരുവിതാംകൂർ കൊച്ചിയിൽ നിന്നും എത്ര ഏക്കർ ഭൂമി പിന്നോക്കസമുദായക്കാർക്കു കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടുണ്ട്?

(ബി) ഭൂമിയില്ലാത്ത പിന്നോക്ക സമുദായക്കാർക്ക് കുത്തകപ്പാട്ട വ്യവസ്ഥയിൽ ഭൂമി കൊടുക്കുന്നതിനു ഗവണ്മെണ്ട് മുൻഗണന കൊടുത്തിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) ഫ൯നു൯ ഏക്കർ വ൯·ഫ ൦൯ സെൻറ്.

(ബി) ഉണ്ട്.

ഗവണ്മെണ്ടുവക കരിനിലം

*ഫ ഫ൯൫: (൯ ൭) ശ്രീ. കെ. ശാർങ്ങ്ധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ?

(എ) അമ്പലപ്പുഴ താലൂക്കിൽ പ്രക്കാട്ടുപകുതിയിൽ ഗവണ്മെണ്ടു വക എത്ര ഏക്കർ കരിനിലമുണ്ട്?

(ബി) ടി പകുതിയിൽ ഗവണ്മെണ്ടു വക ഒരു തെങ്ങിൻ തോട്ടമുണ്ടോ?

(സി) അതുകൾ ആരുടെ കൈവശമിരിക്കുന്നു? എന്തു വ്യവസ്ഥകളിൽ?

ധനകാര്യവും, റവന്യൂവും, വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ൯൭൫ ഏക്കർ ൨൨ സെൻറ് കരിനിലം ഉണ്ട്.

(ബി) ഇല്ല.

(സി) കരിനിലത്തിന്റെ കൈവശക്കാരുടേയും, വ്യവസ്ഥകളുടേയും വിവരം ശേഖരിച്ചു വരുന്നു.

റേഷൻ വ്യാപാരികളുടെ മേൽ നടപടി

*ഫ ഫ൯൩. (൯൯) ശ്രീ. കെ. ശാർങ്ങധരൻ : താഴെ പറയുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ?

(എ) ജൂൺമാസം മുതൽ ആഗസ്റ്റ് അവസാനം വരെ ഈ സ്റ്റേറ്റിലുള്ള എത്ര ഭക്ഷ്യധാന്യ റീട്ടെയിൽ വ്യാപാരികളുടെ മേൽ നടപടികളും നടത്തപ്പെട്ടിട്ടുണ്ട്?

(ബി) എന്തു നടപടികളാണ് നടത്തിയിട്ടുള്ളത്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (എ) ർ൯ ർ.

(ബി) പട്ടിക താഴെ ചേർത്തിരിക്കുന്നു.

ഫ ൨൨ റേഷൻകടക്കാരുടെ ലൈസൻസ് റദ്ദ്ചെയ്തു.

൨ പരിശോധനാ സമയത്ത് സ്റ്റാക്കിൽ കൂടുതൽ കണ്ട ർ വ്യക്തികളിൽ നിന്നും ഇതിന്റെ വില ഈടാക്കി.

൩ സ്റ്റാക്കിൽ കുറവുകണ്ട ഭക്ഷ്യസാധനങ്ങളുടെ മൂന്നിരട്ടി വില ൪ ർ കച്ചവടക്കാരിൽനിന്നും ഈടാക്കി.

ർ ർ൨ പേരെ താക്കീതുചെയ്തു.

൫ ഒരു റേഷൻ കച്ചവടക്കാരന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തു.

൬ ൩൩ റേഷൻ കച്ചവടക്കാർക്ക് പിഴ ഇട്ടു.

LIBRARY ARCHIVES Kerala Legislative Assembly